"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഔഷധി - ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ 01.07.2019 മുതൽ 31.01.2024 വരെയുള്ള കാലയളവിലെ കുടിശ്ശിക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.320/2025/AYUSH തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:- 1. 08.02.2024 തീയതിയിലെ സ.ഉ.(കൈ)നം. 4/2024/ആയുഷ്

2. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 05.04.2025 ലെ ഇ1-43/2021 നമ്പർ കത്ത്

**ഉത്തരവ്**

ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിനനുസൃതമായ ശമ്പളപരിഷ്കരണം, 01.07.2019 പ്രാബല്യത്തിൽ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 01.07.2019 മുതൽ 31.01.2024 വരെയുള്ള കാലയളവിലെ ശമ്പളപരിഷ്കരണ കുടിശ്ശിക, ഔഷധിയിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് പണമായി അനുവദിച്ചു നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 01.07.2019 പ്രാബല്യത്തിൽ അനുവദിച്ച പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക, 01.07.2019 മുതൽ 31.01.2024 വരെയുള്ള കാലയളവിലെ ശമ്പളപരിഷ്കരണ കുടിശ്ശിക, ഔഷധിയിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് 4 ഗഡുക്കളായി അനുവദിക്കുന്നതിനും, ആയതിൽ ഒന്നും രണ്ടും ഗഡുക്കൾ (25%വീതം) ഒറ്റത്തവണ പണമായി അനുവദിച്ചു നൽകുന്നതിനും, വിരമിച്ച ജീവനക്കാർക്കും/മരണമടഞ്ഞവരുടെ ആശ്രിതർക്കും അർഹമായ ശമ്പളപരിഷ്കരണ കുടിശ്ശിക ഒറ്റത്തവണയായി പണമായി അനുവദിച്ചു നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(29.05.2025-ലെ **301082/PU-B2/55/2016-FIN)**

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 11-06-2025 17:03:11

സെക്ഷൻ ഓഫീസർ

ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി എസിന്